പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2008 16.02.2016-ൽ മറുപടിയ്ക്ക്

## കായികമേഖലയിൽ പ്രോത്സാഹനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.യു.കുരുവിള | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കായികതാരങ്ങൾക്കും സ്കൂൾ-കോളേജുകൾക്കും കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായികതാരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>അപ്രകാരം മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്കൂൾ, കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി 41 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 22 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. 2015-16 അദ്ധ്യയന വർഷത്തിൽ പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സ്കൂൾ -കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങളുടെ നിലവിലെ ദിനബത്ത കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ കോളേജ് തലത്തിൽ സ്റ്റേഡിയങ്ങൾ നിർമ്മിയ്ക്കുന്നതിനായി പദ്ധതികൾ നിലവിലുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്കൂൾ-കോളേജ് തലങ്ങളിലെ 14-നും 20-നും മദ്ധ്യേ പ്രായമുള്ള കായികതാരങ്ങൾക്ക് പ്രോത്സാഹനാർത്ഥം ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്പോർട്സ് സ്കോളർഷിപ്പ് ഈ വർഷം മുതൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന മലയാളി താരങ്ങൾക്ക് പ്രത്യേക ക്യാഷ് അവാർഡും സ ർ ക്കാ ർ ജോലിയും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ബി) | ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി,വെങ്കല മെഡലുകൾ നേടിയവർക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ ക്രമത്തിലും, ടീം ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയവർക്ക് 2 ലക്ഷം, 1.5 ലക്ഷം, 1 ലക്ഷം എന്ന ക്രമത്തിലും ക്യാഷ് അവാർഡ് വിതരണം ചെയ്യുകയുണ്ടായി. 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവർക്കും, ടീം ഇനങ്ങളിൽ സ്വർണ്ണ മെഡൽ നേടിയവർക്കും (നിലവിൽ ജോലി ഇല്ലാത്തവർക്ക്) സർക്കാർ ജോലി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കൂടാതെ, ടീം ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് വെള്ളി, വെങ്കലമെഡലുകൾ കരസ്ഥമാക്കിയ കായിക താരങ്ങളിൽ ജോലിയില്ലാത്ത |

| | | | |
|---|---|---|---|
| | | | വർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിന് പുറമേ പൊതു ഭരണ (സർവ്വീസസ് ഡി ) വകുപ്പിന്റെ നിയന്ത്രണത്തിൽ വർഷംതോറും, 50 കായികതാരങ്ങൾക്ക് അവരുടെ കായികനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ജോലി നൽകി വരുന്നു. 2010 മുതൽ 2014 വരെയുള്ള 249 സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായി സർക്കാർ ഓൺലൈൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ നടന്നുവരുന്നു. |
| (സി) | കായികതാരങ്ങൾക്ക് മികച്ച പരിശീലനം ലഭിക്കുന്നതിന് എല്ലാ ജില്ലകളിലും കുറഞ്ഞത് അന്തർദേശീയ നിലവാരമുള്ള ഒരു സ്റ്റേഡിയം വീതം നിർമ്മിച്ച് നൽകുന്നതിന് നടപടി ഉണ്ടാകുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

Manju M

സെക്ഷൻ ഓഫീസർ